# കേരള നിയമസഭ
# 21.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 21, വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

## കേരള സുസ്ഥിര നഗരവികസന പദ്ധതി

*271

ശ്രീ. കെ. രാധാകൃഷ്ണൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, പി. ശ്രീരാമകൃഷ്ണൻ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കുമായി ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം കേരള സുസ്ഥിര നഗരവികസന പദ്ധതിയിൻകീഴിലുള്ള പ്രവൃത്തികൾ ചെയ്തു തീർക്കേണ്ട സമയക്രമം വിശദമാക്കാമോ;

(ബി) കരാർ ലംഘിക്കപ്പെടുന്നുവെങ്കിൽ സർക്കാർ നൽകേണ്ടുന്ന പിഴയുടെ വിശദാംശങ്ങൾ നൽകാമോ; പിഴ നൽകിയിട്ടുണ്ടെങ്കിൽ നാളിതുവരെ എന്തു തുക പിഴയായി നൽകിയെന്നറിയിക്കാമോ;

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

(സി) ഈ പദ്ധതിയിൻ കീഴിലുള്ള മുഴുവൻ പ്രോജക്ടുകളുടെയും ടെൻഡർ നടപടി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഈ പ്രോജക്ടുകളുടെ പൂർത്തീകരണം എന്ന് നടക്കുമെന്ന് അറിയിക്കുമോ;

(ഡി) പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുന്നവർക്ക് പെൻഷൻ

*272 ശ്രീ. അൻവർ സാദത്ത്
,, എം. എ. വാഹീദ്
,, വി. പി. സജീന്ദ്രൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയനുസരിച്ച് 100 ദിവസം തൊഴിൽ പൂർത്തിയാക്കുന്നവർക്ക് പെൻഷൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>നോർക്കയുടെ പ്രവർത്തനം</u>

*273 ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്
,, എം.വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നോർക്ക വഴി വിദേശ രാജ്യങ്ങളിൽ എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു; വിശദാംശങ്ങൾ നൽകുമോ;

(ബി) നിലവിൽ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികളെ അറിയിക്കുന്നതിന് നോർക്ക അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(സി) വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികളുടെ തട്ടിപ്പിന് ഇരയാകാതിരിക്കാൻ സംസ്ഥാനത്ത് നോർക്ക വഴി നടപ്പാക്കുന്ന ബോധവൽക്കരണ പരിപാടികൾ എന്തെല്ലാമാണ്;

(ഡി) നോർക്കയുടെ പ്രവർത്തനങ്ങൾക്ക് നടപ്പുസാമ്പത്തിക വർഷം എത്ര തുക നീക്കിവച്ചിരിക്കുന്നു; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 21.06.2013–ലെ മറുപടിക്ക്

<u>കേന്ദ്ര പ്രായോജക സ്കീമുകൾ</u>

*274 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എം. ഹംസ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസനത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന കേന്ദ്ര പ്രായോജക സ്കീമുകൾ ഏതെല്ലാമാണ്; 2012–13 ൽ അവയുടെ പ്രവർത്തന അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കീമുകൾ അതാത് സംസ്ഥാനങ്ങളുടെ പ്രാദേശിക സ്ഥിതിഗതികൾ കണക്കിലെടുക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതി അവലോകന വേളയിൽ ഇത് ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഏതെല്ലാം പദ്ധതികളാണ് ഇത്തരത്തിൽ പ്രായോഗിക തലത്തിൽ ബുദ്ധിമുട്ടുളവാക്കിയത്;

(ഡി) പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് മറ്റ് നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്ന് സ്വീകരിച്ചിരുന്നുവോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി</u>

*275 ഡോ. കെ. ടി. ജലീൽ
ശ്രീ.എ. കെ. ബാലൻ
,, ബി. ഡി. ദേവസ്സി
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും
ന്യൂനപക്ഷക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള മാററങ്ങൾ എന്തൊക്കെയാണ്;

(ബി) ചട്ടത്തിൽ മാറ്റങ്ങൾ വരുത്താൻ ഉണ്ടായ കാരണങ്ങൾ എന്തൊക്കെയാണ്;

(സി) ബഹുനിലമന്ദിരങ്ങളിലേക്കും ഫ്ളാറ്റുകളിലേക്കുമുള്ള അപ്രോച്ച് റോഡിന് ഏഴ് മീറ്റർ വീതി വേണമെന്നുള്ളത് അഞ്ചു മീറ്ററാക്കി ചട്ടത്തിൽ ഭേദഗതി വരുത്തിയിരുന്നുവോ;

(ഡി) ദുരന്തങ്ങളുണ്ടായാൽ ഫയർഫോഴ്സും ആംബുലൻസും ഗതാഗതകുരുക്കിലാകുന്നതിന് ഇത് കാരണമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലപാട് വ്യക്തമാക്കാമോ;

(ഇ) ബഹുനില കെട്ടിടങ്ങളെ സംബന്ധിച്ചുള്ള കേന്ദ്രമാനദണ്ഡങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങൾ സംസ്ഥാന കെട്ടിട നിർമ്മാണ ചട്ടത്തിൽ കടന്നു കൂടിയിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുമോ?

# കേരള നിയമസഭ
# 21.06.2013–ലെ മറുപടിക്ക്

<u>നാണ്യവിളകൾ നേരിടുന്ന വിലത്തകർച്ച</u>

*276 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, ഇ. പി. ജയരാജൻ
,, എം. ചന്ദ്രൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന നാണ്യവിളകളിൽ ഏതെല്ലാം വിളകൾ വിലത്തകർച്ച നേരിടുന്നുണ്ട്; വിശദാംശങ്ങൾ നൽകാമോ;

(ബി) വിലത്തകർച്ചയ്ക്ക് കേന്ദ്രസർക്കാരിന്റെ ഇറക്കുമതി നയം കാരണമായിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) കേന്ദ്രസർക്കാർ നയങ്ങൾ വിലത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ടെങ്കിൽ അവ മറികടക്കാൻ സംസ്ഥാന സർക്കാരിന് എന്തെല്ലാം ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് ആലോചന നടത്തിയിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കാൻ പോകുന്നതെന്ന് അറിയിക്കാമോ;

(ഡി) ഇപ്പോൾ നിലനില്ക്കുന്ന ഈ പ്രത്യേക സാഹചര്യത്തിൽ നാണ്യവിളകൃഷിയിൽ നിന്നും കർഷകർ അകന്നു തുടങ്ങിയിട്ടുണ്ടോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>സ്നേഹസ്പർശം പദ്ധതി</u>

*277 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രൻ
,, കെ. മുരളീധരൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്നേഹസ്പർശം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(സി) അവിവാഹിതരായ അമ്മമാർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന ലഭിക്കുന്നത്;

(ഡി) പദ്ധതിക്കായി തുക ചിലവഴിക്കുന്നതിൽ മുൻ സർക്കാരിനെക്കാളും എന്തെല്ലാം പുരോഗതി ഈ സർക്കാരിന്റെ കാലത്ത് നേടിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
# 21.06.2013-ലെ മറുപടിക്ക്

**കക്കൂസ് മാലിന്യ സംസ്കരണ നിലയങ്ങൾ സംബന്ധിച്ച കോടതിവിധി**

*278 ശ്രീ. പി. തിലോത്തമൻ
'' ഇ. കെ. വിജയൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും കക്കൂസ് മാലിന്യ സംസ്കരണ നിലയങ്ങൾ സ്ഥാപിക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ളതായി സുപ്രീം കോടതി പരാമർശം ഉണ്ടായിട്ടുണ്ടോ;

(ബി) എല്ലാ ജില്ലകളിലും സംസ്കരണ നിലയങ്ങൾ സ്ഥാപിക്കണമെന്ന് 2011-ൽ ഹൈക്കോടതിയുടെ ഉത്തരവുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഈ ഉത്തരവിനെതിരെ സുപ്രീം കോടതിയിൽ ഹർജി നൽകിയിട്ടുണ്ടോ;

(സി) 2011-ൽ സമർപ്പിച്ച സത്യവാങ്മൂലം പുതിയതെന്ന രീതിയിൽ സുപ്രീം കോടതിയിൽ ഹാജരാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണ്; വെളിപ്പെടുത്തുമോ;

(ഡി) എല്ലാ ജില്ലകളിലും കക്കൂസ് മാലിന്യ സംസ്കരണ നിലയങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ, ആയതിനുള്ള എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

<u>'വിഷൻ 2030'</u>

T-279 ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'വിഷൻ 2030' നടപ്പാക്കുന്നത് സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളാണ് ഇതിൽ ഉൾപ്പെടുന്നത്;

(സി) ദീർഘകാല വികസന പദ്ധതികൾ ഓരോ ജില്ലകളുടെയും സവിശേഷതകൾക്കനുസൃതമായി രൂപപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് ഇതിനോടകം ഏതെല്ലാം ഏജൻസികളുമായി ആശയവിനിമയം നടത്തിയെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 21.06.2013–ലെ മറുപടിക്ക്

<u>കീടനാശിനി കലർന്ന പച്ചക്കറികൾ നിരോധിക്കുന്നതിന് നടപടി</u>

*280 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. രാജു
'' ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗിക്കുന്ന പച്ചക്കറികളിൽ അപകടകരമായ തോതിൽ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളതായി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലബോറട്ടറി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയിനം പച്ചക്കറികൾ പരിശോധനയ്ക്ക് വിധേയമാക്കി;

(ബി) പരിശോധനയ്ക്ക് വിധേയമാക്കിയ പച്ചക്കറികൾ കീടനാശിനിയുടെ സാന്നിദ്ധ്യമനുസരിച്ച് പട്ടികയായി വെളിപ്പെടുത്തുമോ;

(സി) കീടനാശിനി കലർന്ന പച്ചക്കറികളുടെ വില്പന സംസ്ഥാനത്ത് നിരോധിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ഫാമുകളുടെ നവീകരണം

*281 ശ്രീ. എം.വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇപ്രകാരം നവീകരിയ്ക്കുന്ന ഫാമുകളിൽ നൂതന കാർഷിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു കൊണ്ടുള്ള കൃഷി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി ഓരോ ഫാമിനും അനുയോജ്യമായ രീതിയിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ചതുർവേദി കമ്മിറ്റി</u>

T-282 ശ്രീ. ജി. എസ് ജയലാൽ
,, സി. ദിവാകരൻ
,, ഇ. ചന്ദ്രശേഖരൻ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച പഠനം നടത്തിയ ചതുർവേദി കമ്മിറ്റി മുമ്പാകെ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കമ്മിറ്റി സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യങ്ങൾ പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യങ്ങൾ പരിഗണിക്കാതെ പോയതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ആദിവാസി മേഖലകളിൽ പോഷകാഹാര വിതരണം

*283 ശ്രീമതി ജമീലാ പ്രകാശം
ശ്രീ.സി.കെ. നാണു
'' ജോസ് തെറ്റയിൽ
'' മാത്യു റ്റി തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി അഗളി തുടങ്ങിയ ആദിവാസി മേഖലകളിൽ ഉള്ള അംഗൻവാടികളിൽ രണ്ട് വർഷകാലത്തോളം പാലും മുട്ടയും പഴവും വിതരണം ചെയ്തിരുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് കാരണത്താലാണ് വിതരണം ചെയ്യാതിരുന്നത്; വ്യക്തമാക്കാമോ;

(സി) ഗർഭിണികൾക്ക് പോഷകാഹാരം ലഭിക്കാത്തതാണ് ശിശുമരണങ്ങൾക്ക് ഇട നൽകിയത് എന്നു കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പോഷകാഹാരം അംഗൻവാടികളിലൂടെ നൽകുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 21.06.2013-ലെ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ഭവന പദ്ധതികൾ

*284 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. എം. ആരിഫ്
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ഭവന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നത് എപ്രകാരമാണ്; ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം എത്രയായിരിക്കും;

(സി) ഭവനപദ്ധതികൾ മുഖേന നൽകിവരുന്ന ധനസഹായ ത്തുക വർദ്ധിപ്പിച്ചതനുസരിച്ച്, ആവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാത്തത് മൂലം പ്രസ്തുത പദ്ധതി അവതാളത്തിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 2011-12, 2012-13 വർഷങ്ങളിൽ പ്രസ്തുത പദ്ധതികൾ പ്രകാരം വീടു പണി തുടങ്ങിയവർക്ക് ധനസഹായം പൂർണ്ണതോതിൽ ലഭിച്ചിട്ടില്ല എന്നതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**കേരള നിയമസഭ**
**21.06.2013–ലെ മറുപടിക്ക്**

<u>ഗവൺമെന്റ് പ്രസ്സുകളിൽ അത്യാധുനിക ഓഫ്സെറ്റ് മെഷീനുകൾ സ്ഥാപിക്കുന്നതിന് പദ്ധതി</u>

*285 ശ്രീ. ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് പ്രസ്സുകളിൽ അത്യാധുനിക ഓഫ്സെറ്റ് മെഷീനുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങളെന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങളെന്തെല്ലാം?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ വകുപ്പ് സഹായത്തോടെ കൃഷി വകുപ്പ് നടത്തുന്ന പദ്ധതികൾ</u>

*286 ശ്രീ. കെ.കെ. നാരായണൻ
,, സാജു പോൾ
,, ബാബു എം. പാലിശ്ശേരി
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തിരമോ സഹായത്തോടെയോ കൃഷിവകുപ്പ് നടത്തുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഈ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) 2012-13-ൽ ഈ പദ്ധതി നടത്തിപ്പിലൂടെ കൈവരിക്കാൻ ഉദ്ദേശിച്ചിരുന്ന ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; അവയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെന്നറിയിക്കാമോ;

(ഡി) 2012-13-ൽ ഓരോ പദ്ധതിക്കും നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്നറിയിക്കാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ വേതനം</u>

*287 ശ്രീ. ബി. സത്യൻ
,, സി. കെ. സദാശിവൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ പ്രതിദിന വേതനം ഏപ്രിൽ 1 മുതൽ 180 രൂപയാക്കുമെന്ന കേന്ദ്രസർക്കാർ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽ ഇന്ന് എല്ലാ മേഖലയിലും കൂലി കൂടുകയും കർഷകത്തൊഴിലാളികളുടെ കുറഞ്ഞ കൂലി 400-500 ആയി ഉയരുകയും ചെയ്ത സാഹചര്യത്തിൽ 180 രൂപ വളരെ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തൊഴിലാളികളുടെ കൂലി 320 രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിൽ കേന്ദ്ര സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്താൻ സംസ്ഥാന സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 21.06.2013–ലെ മറുപടിക്ക്

2013 –14 ലെ പദ്ധതി രൂപീകരണവും നിർവ്വഹണവും

*288 ശ്രീ. എ. പ്രദീപ്കുമാർ
,, കോടിയേരി ബാലകൃഷ്ണൻ
ഡോ. കെ. ടി. ജലീൽ
,, പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2013 –14 ലെ പദ്ധതി രൂപീകരണവും നിർവ്വഹണവും സംബന്ധിച്ച സമയക്രമം വിശദമാക്കാമോ;

(ബി) ആയതനുസരിച്ച് ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി രൂപീകരിച്ച് അംഗീകാരം നേടിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പദ്ധതി രൂപീകരണത്തിനും അംഗീകാരം നേടിയെടുക്കുന്നതിനും എന്തെല്ലാം ബുദ്ധിമുട്ടുകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്നത്;

(ഡി) ഇവ പരിഹരിച്ച് മുന്നോട്ടു പോകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

## കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>വന്‍കിട മാലിന്യ സംസ്കരണ പ്ലാന്റുകള്‍</u>

*289 ശ്രീ. വി. ശിവന്‍കുട്ടി
,, എം. എ. ബേബി
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാലിന്യ നിര്‍മ്മാര്‍ജ്ജനത്തിനായി നഗരങ്ങളില്‍ ആധുനിക സാങ്കേതിക വിദ്യയില്‍ അധിഷ്ഠിതമായ വന്‍കിട മാലിന്യ സംസ്കരണ പ്ലാന്റുകള്‍ പി.പി.പി. അടിസ്ഥാനത്തില്‍ സ്ഥാപിക്കുന്നതാണെന്ന 2012–13–ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ; എങ്കില്‍ എവിടെയെല്ലാം; ഓരോ പദ്ധതിയും ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) മാലിന്യ നിര്‍മ്മാര്‍ജ്ജനത്തിനായി വന്‍കിട മാലിന്യ സംസ്കരണ പ്ലാന്റുകള്‍ക്കാണോ ഉറവിട മാലിന്യ സംസ്കരണ രീതിയ്ക്കാണോ പ്രാമുഖ്യം നല്‍കുന്നത് എന്നറിയിക്കാമോ; ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഈ സര്‍ക്കാര്‍ അധികാരമേറ്റതിന് ശേഷം സംസ്ഥാനത്തെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികള്‍ ഓരോന്നും എത്രത്തോളം ഫലപ്രദമാണ്; വിലയിരുത്തിയിട്ടുണ്ടോ; ഫലപ്രദമല്ലെങ്കില്‍ കാരണങ്ങള്‍ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

<u>മാലിന്യമുക്ത കേരളം പദ്ധതി</u>

*T-290 ശ്രീ. സി. മോയിൻകുട്ടി
,, സി. മമ്മൂട്ടി
,, പി. കെ. ബഷീർ
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കാൻ ലക്ഷ്യമിട്ട മാലിന്യമുക്ത കേരളം പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇതിന്റെ നിർവ്വഹണച്ചുമതല ആർക്കാണെന്നും ഏകോപനച്ചുമതലയുള്ള സംവിധാനം എന്താണെന്നും വിശദമാക്കുമോ;

(സി) ഇതിനായി എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രായോഗികമായ പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്നും, ഈ പദ്ധതി പ്രകാരം എന്തു തുക പ്രസ്തുത പ്രോജക്ടുകൾക്ക് അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

<u>ഹോട്ടലുകളിലേയും ക്യാന്റീനുകളിലേയും ശുചിത്വ പരിപാലനം</u>

*291 ശ്രീ. സി. എഫ്. തോമസ്
'' മോൻസ് ജോസഫ്
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിലും, ക്യാന്റീനുകളിലും ഭക്ഷണം പാചകം ചെയ്യുന്ന മറ്റു സ്ഥലങ്ങളിലും ശുചിത്വവും, ജീവനക്കാരുടെ വ്യക്തി ശുചിത്വവും കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പൊതുജനാരോഗ്യം മുൻനിർത്തി ഇത്തരം സ്ഥാപനങ്ങളുടെ ശുചിത്വപരിപാലനം ഉറപ്പു വരുത്താൻ തുടർച്ചയായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>മാലിന്യ നിർമ്മാർജ്ജന യന്ത്രങ്ങൾ</u>

*292 ശ്രീ. എ.എം. ആരിഫ്
,, ഇ.പി. ജയരാജൻ
,, എളമരം കരീം
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വിവിധ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കുമായി ഏതെല്ലാം തരത്തിലുള്ള മാലിന്യ നിർമ്മാർജ്ജന യന്ത്രങ്ങളാണ് സ്ഥാപിച്ചിട്ടുള്ളതെന്നറിയിക്കാമോ; എവിടെയെല്ലാമാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്;

(ബി) ഈ യന്ത്രങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(സി) ഇവയുടെ പ്രവർത്തനം മാലിന്യ നിർമ്മാർജ്ജന പ്രശ്നത്തിന് പരിഹാരം കാണുന്നതിന് സഹായകരമായിട്ടുണ്ടോ; എങ്കിൽ എങ്ങനെയാണെന്ന് വിശദീകരിക്കാമോ;

(ഡി) പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ഇവയിൽ ഏതെല്ലാം യന്ത്രങ്ങളാണ് തുടർന്നും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ഹൈടെക് കൃഷിയുടെ പ്രചരണാർത്ഥം ആവിഷ്ക്കരിച്ച ഗ്രീൻ ഹൗസുകൾ

*293 ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.വി.എസ്.സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ.ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈടെക് കൃഷിയുടെ പ്രചരണാർത്ഥം ആവിഷ്ക്കരിച്ച ഗ്രീൻ ഹൗസുകൾ സംസ്ഥാനത്ത് എത്ര കൃഷിഭവൻ പരിധികളിൽ നടപ്പിലാക്കി; ആകെ എത്ര ഗ്രീൻ ഹൗസുകൾ ഇതു വരെ സ്ഥാപിച്ചു;

(ബി) ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ എത്ര തുക ഇതിനകം ചെലവാക്കി കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്കായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ എത്ര കോടി രൂപ സബ്സിഡിയായി ഇതുവരെ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

നെൽകൃഷി വ്യാപകമാക്കുന്നതിനും നെല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ

*294 ശ്രീ. ബി. ഡി. ദേവസ്സി
,, വി. ചെന്താമരാക്ഷൻ
,, സി. കെ. സദാശിവൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വ്യാപകമാക്കുന്നതിനും നെല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) സംസ്ഥാനത്തിന്റെ ഏതെങ്കിലും പ്രത്യേകമേഖല കേന്ദ്രീകരിച്ചാണോ ഈ പദ്ധതികൾ നടപ്പാക്കുന്നതെന്നറിയിക്കാമോ;

(സി) മുൻവർഷത്തേതിലുമധികമായി എത്ര ഹെക്ടർ സ്ഥലത്താണ് നെൽകൃഷി വ്യാപിപ്പിക്കാൻ ശ്രമിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് വളത്തിന്റെ വിലയിലുണ്ടായ ഭീമമായ വർദ്ധനവ്, കാർഷിക വായ്പ ലഭ്യമില്ലായ്മ എന്നിവ സർക്കാരിന്റെ ഉദ്യമത്തെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>അനാഥാലയങ്ങളുടെ പ്രവർത്തനം</u>

*295 ശ്രീ. കെ. എം. ഷാജി
,, എം. പി. അബ്ദുസ്സമദ് സമദാനി
,, റ്റി. എ. അഹമ്മദ് കബീർ
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അന്തേവാസികളുടെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുളള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഇതിനായി നിലവിലുളള ചട്ടങ്ങളിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അനാഥാലയങ്ങളുടെ പരിശോധനക്കായി നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ അനാഥാലയവും നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആവശ്യമെന്നുകാണുന്ന പരിഷ്ക്കരണനടപടികൾ സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖല/സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

*296 ശ്രീ. ജി. സുധാകരൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, സി. കൃഷ്ണൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെങ്കിലുമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ നഷ്ടം വരുവാനുണ്ടായ സാഹചര്യം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

മൊബൈൽ ഇൻസിനറേറ്ററിന്റെ പ്രവർത്തനം

*297 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, കോലിയക്കോട്.എൻ.കൃഷ്ണൻ നായർ
,, എം. ചന്ദ്രൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് വാങ്ങിയ മൊബൈൽ ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൊബൈൽ ഇൻസിനറേറ്റർ വാങ്ങുന്നതിന് മുമ്പ് ഇതിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് വിശദമായ പഠനം നടത്തിയിരുന്നുവോ; ഏത് ഏജൻസി മുഖേനയാണ് പഠനം നടത്തിയിട്ടുള്ളത്; എങ്കിൽ ഇതു സംബന്ധിച്ച് ഏജൻസി നൽകിയ റിപ്പോർട്ടിന്റെ പ്രസക്തഭാഗം വിവരിക്കാമോ:

(സി) തലസ്ഥാന നഗരിയിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് മൊബൈൽ ഇൻസിനറേറ്ററിന്റെ പ്രവർത്തനം കൊണ്ട് എന്തു മെച്ചമാണ് ലഭിച്ചതെന്ന് അറിയിക്കാമോ;

(ഡി) മൊബൈൽ ഇൻസിനറേറ്റർ മറ്റേതെങ്കിലും കോർപ്പറേഷനിലോ മുനിസിപ്പാലിറ്റിയിലോ പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>കാൻസർ സുരക്ഷാ പദ്ധതി</u>

*298 ശ്രീ. വി.ഡി. സതീശൻ
,, എം. എ. വാഹീദ്
,, റ്റി. എൻ. പ്രതാപൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത് വിശദാംശം ലഭ്യമാക്കുമോ;

(സി) കാൻസർ ബാധിതരായ കുട്ടികൾക്ക് എന്തെല്ലാം സഹായങ്ങളാണ് പദ്ധതി വഴി നൽകുന്നത്;

(ഡി) പദ്ധതിക്കായി തുക ചെലവഴിക്കുന്നതിൽ മുൻ സർക്കാരിനെക്കാളും പുരോഗതി ഈ സർക്കാരിന്റെ കാലത്ത് നേടിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>വിദേശ ധനകാര്യ സഹായത്തോടെ നഗര വികസന പദ്ധതി</u>

*299 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഗരവികസനവുമായി ബന്ധപ്പെട്ട് വിദേശ ധനകാര്യ സ്ഥാപനങ്ങളിലെ സഹായത്തിനായി എത്ര പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(ബി) ഏതെല്ലാം നഗരസഭകൾക്ക് ഏതൊക്കെ പദ്ധതികൾക്ക് എത്ര കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) നഗരസഭകൾ വിദേശ ധനസഹായം വാങ്ങുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും വ്യക്തമാക്കുമോ ;

(ഡി) നഗരസഭകൾക്ക് വിദേശ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുവാൻ നഗരസഭകളുടെ ആസ്തി പണയപ്പെടുത്താൻ വ്യവസ്ഥ ചെയതിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഉള്ള നഗരവികസന പദ്ധതികൾ സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ടോ; നിലപാട് വ്യക്തമാക്കുമോ;

(എഫ്) എങ്കിൽ പ്രസ്തുത നയത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>കാർഷിക കർമ്മസേന</u>

*300 ശ്രീ. എൻ. ഷംസുദ്ദീൻ
,, എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക കർമ്മസേനയുടെ രൂപീകരണവും പ്രവർത്തനവും സംബന്ധിച്ച വിശദവിവരം നല്കാമോ ;

(ബി) ഇത് സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ ;

(സി) കൃഷിഭവനുകളിൽ ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം സംബന്ധിച്ച് വിശദമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 12.

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.[ചട്ടം47(1)].